# 17. ജനാധിപത്യം എങ്ങനെ അട്ടിമറിക്കപ്പെടുന്നു?

ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം. വിദേശീയാധിപത്യത്തിൽനിന്നു സ്വാതന്ത്ര്യം നേടിയ ഇന്ത്യ തിരഞ്ഞെടുത്തതു് ജനാധിപത്യഭരണമാണ്.

കോടിക്കണക്കിനു് ജനങ്ങൾ നേരിട്ടു ഭരണകാര്യങ്ങളിൽ ഇടപെടുക സാദ്ധ്യമല്ലല്ലോ. അതിനാൽ, ജനങ്ങൾ ഭരണം നടത്തുന്നതു് നേരിട്ടല്ല; നിശ്ചിതകാലങ്ങളിൽ, നിശ്ചിതവ്യവസ്ഥകൾക്കു വിധേയമായി, തങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിൽക്കൂടിയാണ്. പാർലമെൻറിന്റെ രണ്ടു സഭകൾ, സ്റ്റേറ്റുകളിലെ നിയമസഭകൾ, ജില്ലാപരിഷത്തുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ മുതലായ സ്ഥാപനങ്ങളിൽ ഈ പ്രതിനിധികൾ സമ്മേളിക്കുകയും ചർച്ചകൾ നടത്തുകയും, നിയമങ്ങൾ നിർമിക്കുകയും ഭരണച്ചെലവു് പാസ്സാക്കുകയും മററും ചെയ്യുന്നു. ഇത്തരം സ്ഥാപനങ്ങളെ മൊത്തത്തിൽ 'ലെജിസ്ലേററീവ്' (നിയമനിർമാണപരം) എന്നു പറയുന്നു.

നിയമനിർമാണസ്ഥാപനങ്ങൾ നിർമിക്കുന്ന നിയമങ്ങളും ചട്ടങ്ങളും ഭരണഘടനയ്ക്കു വിധേയമായിരിക്കണം. അവ ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിരുദ്ധമാവാതെ നോക്കേണ്ടതുണ്ട്. ഭരണഘടനയും, അതാതുകാലത്തു നിയമനിർമാണസ്ഥാപനങ്ങൾ നിർമിക്കുന്ന നിയമങ്ങളും, സ്വാഭാവികനീതിയും അനുസരിച്ചാണ് ഭരണം നടക്കുന്നതു് എന്നു് ഉറപ്പു വരുത്തേണ്ടതും ആവശ്യമാണ്. ഭരണം മാത്രമല്ല, വ്യക്തികളായ പൗരന്മാരുടെയും പൗരന്മാരുടെ പലതരം സംഘടനകളുടെയും പ്രവർത്തനവും നിയമവിരുദ്ധമാവരുതു്. ജനാധിപത്യമെന്നാൽ 'നിയമവാഴ്ച'കൂടിയാണ്. ഭരണം നിയമവിധേയമായാണു് നടക്കുന്നതു് എന്നു് ഉറപ്പുവരുത്തേണ്ട ചുമതല, കേന്ദ്രത്തിലെ സുപ്രീംകോടതി സ്റ്റേറ്റുകളിലെ ഹൈക്കോടതികൾ, ജില്ലാതലത്തിലും അതിനു താഴെ പല തലങ്ങളിലും പ്രവർത്തിക്കുന്ന സിവിൽ ക്രിമിനൽകോടതികൾ എന്നീ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നു. ഈ സ്ഥാപനങ്ങളെ മൊത്തത്തിൽ 'ജൂഡീഷ്യറി' (നിയമപാലനപരം) എന്നു പറയുന്നു.

ഭരണഘടനയും നിയമനിർമാണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന നിയമങ്ങളും അനുസരിച്ചും നിയമപാലനസ്ഥാപനങ്ങളുടെ മേൽനോട്ടത്തിനു വിധേയമായും ഭരണം പ്രായോഗികമായി നടപ്പിൽ വരുത്തുന്നതു് ഉദ്യോഗസ്ഥന്മാർ ആകുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമുള്ള മന്ത്രിമാർ ഐ.എ. എസ്, ഐ പി. എസ്.ഐ. എഫ്. എസ്. മുതലായ കേന്ദ്രസർവീസുകളിലെയും സ്റ്റേററ് സർവ്വീസുകളിലെയും സെക്രട്ടറിയേററിലെയും കളക്ടറേററിലെയും മററു സർക്കാർ ആപ്പീസുകളിലെയും അർദ്ധ–സർക്കാർ സ്ഥാപനങ്ങളിലെയും നഗരസഭകളിലെയും പഞ്ചായത്തുകളിലെയും ജീവനക്കാർ, പോലീസുകാർ, സൈനികർ അങ്ങനെ സർക്കാരിൽ നിക്ഷിപ്തമായ അധികാരം കൈയാളുകയും അതിനു സർക്കാർ ഖജനാവിൽനിന്നു നേരിട്ടോ അല്ലാതെയോ പ്രതിഫലം പററുകയും ചെയ്യുന്ന എല്ലാവരും 'ഉദ്യോഗസ്ഥർ' എന്ന ഈ വലിയ വിഭാഗത്തിൽപ്പെടും. ഇവരെ മൊത്തത്തിൽ 'എക്സിക്യൂട്ടീവ്' എന്നു് വിളിക്കുന്നു. ഭരണം ജനങ്ങളിലെത്തിക്കുന്നതു് ഈ ഉദ്യോഗസ്ഥന്മാരാകുന്നു. ഇവർ നിയമവിധേയമായും ജാഗ്രതയോടെയും പ്രവർത്തിക്കുമ്പോൾ ജനങ്ങൾ സദ്ഭരണം അനുഭവിക്കുന്നു ഉദ്യോഗസ്ഥർ അഴിമതിക്കാരോ സ്വാർത്ഥികളോ അലസരോ സമൂഹദ്രോഹികളോ ആകുമ്പോൾ ജനജീവിതം നരകമായിത്തീരുന്നു.

ലെജിസ്ലേററീവ്, ജൂഡീഷ്യറി, എക്സിക്യൂട്ടീവ് എന്ന ഈ മൂന്നു സ്തംഭങ്ങളിലാണ് ജനാധിപത്യഭരണം നിലകൊള്ളുന്നതു്. പരസ്പരം താങ്ങുകയും

ശക്തിപ്പെടുത്തുകയും തെററു തിരുത്തുകയും ചെയ്യുന്ന വിധത്തിലായിരിക്കണം ഈ വിഭാഗങ്ങളുടെ പ്രവർത്തനം. അപ്പോൾ മാത്രമേ ജനാധിപത്യം ശക്തിപ്പെടുകയും ജനങ്ങൾക്ക സദ്ഭരണം അനുഭവപ്പെടുകയും ചെയ്യുകയുള്ളു.

പരസ്പരം താങ്ങിയും ശക്തിപ്പെടുത്തിയും തെററുതിരുത്തിയും ഓരോ വിഭാഗത്തിന്റെയും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനു പകരം ഈ മൂന്നു വിഭാഗങ്ങൾ പരസ്പരം ആക്രമിക്കുകയും മാനംകെടുത്തുകയും ദുർബലപ്പെടുത്തുകയും ചെയ്യാൻ പുറപ്പെട്ടാലോ? ജനാധിപത്യത്തിന്റെ ആധാരസ്തംഭങ്ങൾക്ക പൊതുവെ ശക്തിക്ഷയം സംഭവിക്കുകയാവും അതിന്റെ ഫലം. അവയിൽ ഏതെങ്കിലുമൊന്നിന് ശക്തി കുറഞ്ഞാൽ ഏറെ വൈകാതെ ജനാധിപത്യമെന്ന സൗധം തന്നെ നിലംപൊത്തുകയും ചെയ്യും. മൂന്നിന്റെയും ശക്തി ക്ഷയിച്ചാലത്തെ ഫലം പറയേണ്ടതുമില്ല

ഏതാനും വർഷങ്ങളായി ഇന്ത്യയിലെ ലെജിസ്ളേററീവ്–ജൂഡീഷ്യറി–എക്സിക്യൂട്ടീവ് വിഭാഗങ്ങൾ ആന്തരവും ബാഹ്യവുമായ പല സമ്മർദങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാണ്. അകത്തുനിന്നും പുറത്തുനിന്നും അവ ആക്രമിക്കപ്പെടുന്നു. ഈ ആക്രമണങ്ങളുടെ ഫലമായി അവയുടെ ശക്തിയും അന്തസ്സും വളരെയധികം ക്ഷയിച്ചിരിക്കുന്നു. ഈ നാട്ടിൽ ജനാധിപത്യത്തിന്റെ ഭാവി ആശങ്കാകരമാംവണ്ണം അപകടത്തിൽപ്പെട്ടതായി കരുതേണ്ട വിധത്തിലുള്ള ശക്തിക്ഷയം ഈ മൂന്നു വിഭാഗങ്ങൾക്കും നേരിട്ടിട്ടുള്ളതായി തോന്നുന്നു.

പാർലമെൻറ് അടക്കമുള്ള നിയമസഭകളുടെ സമാധാനപരമായ പ്രവർത്തനം അസാദ്ധ്യമല്ലെങ്കിൽ പരിഹാസ്യമെങ്കിലുമാക്കുന്നതിനുപററിയ തരത്തിലാണ് പല ലെജിസ്ളേററീവ് സ്ഥാപനങ്ങളിലെയും അംഗങ്ങൾ ഇപ്പോഴിപ്പോൾ പെരുമാറുന്നത്. രാഷ്ട്രപതിയോ ഗവർണറോ പ്രസംഗിക്കുന്ന ഉദ്ഘാടന സമ്മേളനങ്ങൾ ബഹിഷ്കരിക്കുകയെന്നത് മിക്ക നിയമസഭകളിലും എതിർപക്ഷത്തിന്റെ അംഗീകൃത നടപടിയായിരിക്കുന്നു. വാക്കൗട്ടുകളോ, ബഹളങ്ങളോ അദ്ധ്യക്ഷനോടുള്ള അവഹേളനങ്ങളോ ഇല്ലാത്ത ദിവസങ്ങൾ മിക്ക ലെജിസ്ളേററീവ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും അപൂർവമായിരിക്കുന്നു. തമിഴ്നാട് നിയമസഭയിൽ അടുത്ത കാലത്തു നടന്ന കോലാഹലം ചന്തപ്പറമ്പുകളിൽപോലും നടക്കാത്ത തരത്തിലുള്ളതായിരുന്നു. ഇതിനെല്ലാം മകുടംവയ്ക്കുന്നതായിരുന്നു 1988 ഫെബ്രുവരി ഇരുപത്തിമൂന്നാം തീയതി തങ്ങൾതന്നെ തിരഞ്ഞെടുത്ത രാജ്യസഭയിലെ ചെയർമാനെ നിർവീര്യനാക്കുന്നതിന് പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിലും മൂന്നു മന്ത്രിമാരുടെ നേതൃത്വത്തിലും രാജ്യസഭയിലെ കോൺഗ്രസ് അംഗങ്ങൾ നടത്തിയ പ്രകടനം. തന്റെ രാജ്യസഭാദ്ധ്യക്ഷസ്ഥാനവും ഒപ്പം ഉപരാഷ്ട്രപതി പദവിയും രാജിവയ്ക്കാൻ ചെയർമാൻ മുതിന്നു എന്നാണ് പത്രറിപ്പോർട്ട്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ചരിത്രത്തിൽ ഏററവും കറുത്ത ഒരേട് അന്ന് എഴുതിച്ചേർക്കപ്പെടുകയുണ്ടായി.

ജൂഡീഷ്യറിയും ലെജിസ്ളേച്ചറും തമ്മിലുള്ള മത്സരം ജനാധിപത്യത്തിൽ അസാധാരണമല്ല. എന്നാൽ, ജൂഡീഷ്യറി അവസാനമായി ഒരു വിധി കല്പിച്ചാൽ, അതനുസരിക്കേണ്ട ബാദ്ധ്യത ലെജിസ്ളേച്ചറിനുണ്ട്; ആ വിധി നടപ്പിൽ വരുത്തേണ്ട ബാദ്ധ്യത എക്സിക്യൂട്ടീവിനുമുണ്ട്. പക്ഷേ, ഇന്ത്യയിൽ പലപ്പോഴും ഈ ബാദ്ധ്യത അംഗീകരിക്കപ്പെടാറില്ല. ജൂഡീഷ്യറിയുടെ അധികാരപരിധിക്കു പുറത്താണ് താൻ എന്നു കുറച്ചുമുമ്പ് തമിഴ്നാട് നിയമസഭയുടെ അദ്ധ്യക്ഷനായ ശ്രീ പാണ്ഡ്യൻ വാദിക്കുകയുണ്ടായി; അതിനുപുറമേ, തനിക്ക് ഇഷ്ടമില്ലാത്തവരെ വിളിച്ചുവരുത്തി ശിക്ഷിച്ച് തുറുങ്കിലടയ്ക്കാനുള്ള അധികാരവും അദ്ദേഹം സ്വയം കൈയേററു. നിയമസഭാദ്ധ്യക്ഷന്മാർക്ക്, ചില അസാധാരണ പരിതഃസ്ഥിതികളിൽ അത്യന്തം സീമിതമായ പ്രവർത്തനമേഖലയിൽ ഇത്തരം അധികാരം ഉള്ളതായി പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

എന്നാൽ, ശ്രീ പാണ്ഡ്യന്റെ നടപടികൾ ഈ അതിരുകളെയൊക്കെ പുച്ഛത്തോടെ അവഗണിക്കുകയാണുചെയ്തതു്.

ജുഡീഷ്യറിയുടെ അന്തസ്സ് ഇടിച്ചു താഴ്ത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ജുഡീഷ്യറിയുടെ അവിഭാജ്യഭാഗമായ അഡ്വക്കേറ്റുമാരിൽനിന്നു് ഉണ്ടാവുന്നതു് തുലോം നിർഭാഗ്യകരമാണു്. ദില്ലിയിലെ ഒരു കീഴ്ക്കോടതിയിൽ, ക്രിമിനൽക്കുററം ചുമത്തപ്പെട്ട ഒരു അഡ്വക്കേററിനോടു സാധാരണ ഒരു ക്രിമിനൽപ്പുള്ളിയോടെന്നപോലെ, പോലീസ് പെരുമാറി എന്ന ആരോപണമുണ്ടായി. ഇതിനെത്തുടർന്നു് പോലീസിനെതിരെ നടപടി എടുക്കണമെന്നാവശ്യപ്പെട്ട് അഡ്വക്കേററുമാരുടെ സംഘടന ആരംഭിച്ച സമരം സുപ്രീംകോടതിയുടെ പ്രവർത്തനം ഏതാനും ദിവസത്തേക്കു് സ്തംഭിപ്പിച്ചു മാത്രമല്ല, കോടതിയുടെ അന്തസ്സിനു നിരക്കാത്ത പല പ്രവർത്തനങ്ങളും സുപ്രീംകോടതി വളപ്പിനകത്തു നടക്കുകയുംചെയ്തു. സുപ്രീംകോടതിയിൽ ഒതുങ്ങിനില്ക്കാതെ ഇന്ത്യയിലാകെയുള്ള കോടതികളിലേക്കും ഈ പ്രക്ഷോഭം ആഞ്ഞടിച്ചു. ഈ 'സമര'ത്തിൽ ജയിച്ചതു് പോലീസായാലും അഡ്വക്കേററുമാരായാലും തോററതു് 'ജുഡീഷ്യറി' ആയിരുന്നു. നികത്താനാവാത്ത വിധത്തിൽ ജുഡീഷ്യറിയുടെ അന്തസ്സ് ഇടിഞ്ഞുതകരുവാൻ ഈ സംഭവപരമ്പര കാരണമായിത്തീർന്നു.

ലെജിസ്ളേററീവ്—ജുഡീഷ്യറി വിഭാഗങ്ങളുടെ സ്ഥിതി ഇതാണെങ്കിൽ എക്സിക്യൂട്ടീവിനെപ്പററി എന്തു പറയാനാണു്? രാഷ്ട്രീയകക്ഷികൾക്കു് അധികാരം കിട്ടിയെന്നും നഷ്ടപ്പെട്ടുവെന്നുംവരും. അപ്പോഴൊക്കെ ഭരണത്തിനു സ്ഥിരതയും നൈരന്തര്യവും നൽകുന്നതു് എക്സിക്യൂട്ടീവ് വിഭാഗത്തിലെ സ്ഥിരം ഉദ്യോഗസ്ഥന്മാരാണു്. അവരുടെ സത്യസന്ധതയിലും അഴിമതിയില്ലായ്മയിലും കാര്യക്ഷമതയിലുമാണു് ഭരണത്തിന്റെ ഗുണമേന്മ നിലകൊള്ളുന്നതു്. ഭരണം ആശ്വാസകരമായോ ദ്രോഹകരമായോ ജനങ്ങൾക്കു് അനുഭവപ്പെടുന്നതു് സ്ഥിരം ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങളിലൂടെയാകുന്നു

ആടുകൾക്കിടയിൽ കറുത്തവയും വെളുത്തവയും ഉണ്ടാകുമല്ലോ ഉദ്യോഗസ്ഥരിൽ അഴിമതിക്കാരും കാര്യക്ഷമതയില്ലാത്തവരും തികഞ്ഞ സാമൂഹ്യദ്രോഹികളും കണ്ടെന്നുവരും. 1988 ഫെബ്രുവരി 18-ാം തീയതി രാത്രി ബിഹാറിലെ ദേവഘർ ജില്ലയിൽപ്പെട്ട പരാരിയ എന്ന വില്ലേജിൽപ്പാർക്കുന്ന 'കർരി' എന്ന താഴ്ന്ന ജാതിയിൽപ്പെട്ട ഇരുപതു സ്ത്രീകളെ നാല്പതു പോലീസുകാർ ചേർന്നു മാറിമാറി ബലാത്സംഗംചെയ്യുകയും കണ്ടവരെയെല്ലാം അടിക്കുകയും പല വീടുകളിലെയും സ്വത്തുക്കൾ കൊള്ളയടിക്കുകയുമുണ്ടായതായി ഒരു കേസ് രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ടു്. ഇതു ബിഹാറിലാകെ വലിയ പ്രക്ഷോഭം സൃഷ്ടിച്ചിരിക്കുന്നു. ഇത്തരം സംഭവങ്ങൾ ബിഹാറിലും മററു സ്റ്റേററുകളിലും മുമ്പ് ഉണ്ടാകാത്തതല്ല. ഇടുക്കിയിലെ 'തങ്കമണി'യെ നാം മറക്കാറായിട്ടില്ല.

അകത്തുനിന്നു് എക്സിക്യൂട്ടീവിനെ കാർന്നുതിന്നുന്ന മാരകരോഗമാണു് അഴിമതി. പുറത്തുനിന്നു് അതിനെ തകർക്കാൻ അധികാരത്തിലോ പ്രതിപക്ഷത്തിലോ ഉള്ള രാഷ്ട്രീയകക്ഷികൾ സംഘടിതമായി ശ്രമിക്കുന്നതു് അപൂർവ്വമല്ല. സത്യസന്ധതയാലും നീതിബോധത്താലും പ്രേരിതരായി, രാഷ്ട്രീയക്കാരുടെ താളത്തിനൊത്തു തുള്ളാൻ കൂട്ടാക്കാത്ത അപൂർവം ചില ഉദ്യോഗസ്ഥർ ഇപ്പോഴുമുണ്ടെന്നതു് എത്ര ആശ്വാസകരമാണു്! അത്തരക്കാരെ മാനംകെടുത്താൻ കിട്ടുന്ന ഒരവസരവും രാഷ്ട്രീയക്കാർ കൈവിടുകയില്ല. മുൻ സുപ്രീംകോടതി ജഡ്ജി ശ്രീ എച്ച്. ആർ. ഖന്ന പറയുന്നു: 'രാഷ്ട്രീയ കക്ഷികളുടെ തീരുമാനങ്ങളെ സർക്കാർ ഉദ്യോഗസ്ഥന്മാർ വിമർശിക്കുന്നതു് ഒരു തടസ്സനടപടിയായാണു് ഇപ്പോഴിപ്പോൾ വീക്ഷിക്കപ്പെടുന്നതു്. മന്ത്രിമാർക്കു് ഇഷ്ടമില്ലാത്തതരം കുറിപ്പുകൾ ഫയലിലെഴുതുന്ന ഉദ്യോഗസ്ഥന്മാരെ അപ്രധാനങ്ങളായ പദവികളിലേക്കു് ഉന്തിനീക്കുന്നതു സാധാരണയാണു്. സിവിൽ സർവീസിന്റെ വീര്യം കെടുത്തുന്നതും അത്യന്തം ഹാനികരവുമാണു് ഈ നട

പടി. എന്തെങ്കിലും കുഴപ്പമുണ്ടായാൽ, രാഷ്ട്രീയക്കാർ കുററം മുഴുവൻ സ്ഥിര ഉദ്യോഗസ്ഥന്മാരുടെ തലയിലിടും. മന്ത്രിമാര അവരെ ആഭാസമായി വിമർശിക്കും. ഇതു് ഉദ്യോഗസ്ഥവർഗത്തിന്റെ അന്തസ്സ് കെടുത്തിക്കളയുന്നു. ഉദ്യോഗസ്ഥന്മാരിൽ രാഷ്ട്രീയം കയറിപ്പററിയാൽ ഭരണത്തിന്റെ ഗുണമേന്മ നഷ്ടപ്പെടും. അങ്ങനെ സംഭവിക്കുന്നതു് ഇന്ത്യയ്ക്കു ഗുണകരമാവില്ല' (ഹിന്ദു, ഫെബ്രുവരി 28, 1988)

ജനാധിപത്യത്തിന്റെ മൂന്നു് ആധാരസ്തംഭങ്ങളെയും ഒരേസമയം ശക്തിപ്പെടുത്തുന്നതിനു പകരം, തരം കിട്ടുമ്പോഴൊക്കെ അവയെ ദുർബലപ്പെടുത്തുന്നതിനുള്ള വാസന ഇന്ത്യയിൽ പൊതുവെ ദൃശ്യമാണു്. ജനാധിപത്യംതന്നെ അട്ടിമറിഞ്ഞു നിലംപതിക്കലാവും ഇതിന്റെ ദീർഘകാലഫലം. ഇന്ത്യയോടൊപ്പമോ ഇന്ത്യ നേടിയതിൽപ്പിന്നീടോ സ്വാതന്ത്ര്യം നേടിയ പല ഏഷ്യൻ–ആഫ്രിക്കൻ രാജ്യങ്ങളിലും ജനാധിപത്യം അട്ടിമറിഞ്ഞുപോയതു് നാം അറിയാത്തതല്ല. ഏക പാർട്ടിഭരണമോ, പട്ടാളഭരണമോ, പട്ടാളഭരണത്തേക്കാൾ ക്രൂരമായ സ്വേച്ഛാധിപത്യഭരണമോ, മതമൗലികവാദി ഭരണമോ, ആഭ്യന്തരസമരമോ തികഞ്ഞ അരാജകത്വമോ ആണു ചുററുപാടുമുള്ള പല രാജ്യങ്ങളിലും നാം കാണുന്നതു്. അത്തരമൊരു ദുർഗതി ഇന്ത്യയിലും വന്നേക്കുമോ? വരാതിരിക്കണമെങ്കിൽ മഹാന്മാരായ നമ്മുടെ സ്വാതന്ത്ര്യസമരനായകന്മാർ നമുക്കു നേടിത്തന്ന ജനാധിപത്യപൈതൃകത്തെപ്പററി നാം ബോധവാന്മാരാകുകയും അതിന്റെ അടിത്തട്ടു് ശക്തിപ്പെടുത്തുകയും വേണം. ചുരുങ്ങിയപക്ഷം അതിന്റെ തൂണുകൾ ഇളക്കിവീഴ്ത്തുന്നതിനുള്ള പരിശ്രമങ്ങളിൽ നാം ഏർപ്പെടാതിരിക്കണം; അത്തരം പരിശ്രമങ്ങളിൽ ഏർപ്പെടുന്നവരോടു് 'അരുതേ, കാട്ടാളാ!' എന്നു വിളിച്ചുപറയാനുള്ള ധൈര്യമെങ്കിലും നാം ആർജിക്കുകയുംവേണം.

(29 ഫെബ്രുവരി, 1988)

# 18. പ്രാദേശിക ഭരണസ്ഥാപനങ്ങളിലേക്കു തിരഞ്ഞെടുപ്പ്

ജനാധിപത്യം ഒരു ജീവിതസമ്പ്രദായവും സമൂഹസംസ്കാരവും ആയിത്തീരണമെങ്കിൽ സമൂഹത്തിന്റെ ഏററവും ചെറിയ ഘടകങ്ങൾതൊട്ടു് ഏററവും വലിയ ഘടകങ്ങൾവരെ പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പുകളും തിരഞ്ഞെടുക്കപ്പെട്ടവർക്കു മേൽക്കൈയുള്ള ഭരണവ്യവസ്ഥിതിയും നിലവിൽ വരേണ്ടതുണ്ടു്. സമൂഹത്തിന്റെ കീഴ്ത്തലത്തിൽ(തൃണമൂലതലത്തിൽ) ഉള്ള നിയമാധിഷ്ഠിതഘടകങ്ങളിൽ പ്രധാനപ്പെട്ടവയാണു് പഞ്ചായത്തുകളും മുനിസിപ്പാലിററികളും കോർപ്പറേഷനുകളും. ഈ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ നിയന്ത്രണത്തിലാണോ എന്നു നോക്കിയാണു് യഥാർത്ഥത്തിൽ ഒരു രാഷ്ട്രത്തിൽ ജനാധിപത്യം നിലവിലുണ്ടോ എന്നു തീരുമാനിക്കേണ്ടതു്.

ഭരണകൂടം പല തലങ്ങളായി സംഘടിപ്പിക്കപ്പെടുമ്പോൾ വ്യത്യസ്ത തലങ്ങളിലുള്ള ഭരണസ്ഥാപനങ്ങൾ തമ്മിൽ സംഘർഷമുണ്ടാവുക സ്വാഭാവികമാണു്. കേന്ദ്രത്തിൽ അധികാരം കൈയാളുന്ന കക്ഷി സംസ്ഥാനനിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ തോററുപോകുന്നതു് അസാധാരണമല്ല. സംസ്ഥാന ഭരണകൂടങ്ങളോടുള്ള അതൃപ്തി രേഖപ്പെടുത്തുവാൻ പഞ്ചായത്തു്–മുനിസിപ്പാലിററി– കോർപ്പറേഷൻ തിരഞ്ഞെടുപ്പുകളെ ജനങ്ങൾ ഉപയോഗപ്പെടുത്തിക്കൂടായ്കയില്ല. സംസ്ഥാന നിയമസഭയിലെ പ്രതിപക്ഷം പഞ്ചാ